REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 03-04-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പൊതുതെരഞ്ഞെടുപ്പിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ മിത്ത് Vs റിയാലിറ്റി രജിസ്റ്റർ പുറത്തിറക്കി.
- സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികാ സമർപ്പണം നാളെ പൂർത്തിയാകും. ഇതുവരെ സമർപ്പിച്ചത് 56 പത്രികകൾ.
- തൃശ്ശൂർ വെളപ്പായയിൽ ഓടുന്ന ട്രെയിനിൽ നിന്ന് T.T.E യെ തള്ളിയിട്ടു കൊലപ്പെടുത്തി.
- SSLC, TH SLC, ഹയർ സെക്കൻഡറി, വെക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളുടെ മൂല്യനിർണയം ഇന്ന് ആരംഭിക്കും.
- കൊല്ലം തീരമേഖലയിൽ കള്ളക്കടൽ പ്രതിഭാസത്തിൽ നാശനഷ്ടമുണ്ടായ പ്രദേശങ്ങൾ ഫിഷറീസ് സർവേ ഉദ്യോഗസ്ഥർ സന്ദർശിച്ചു.
- ISL ഫുട്ബോളിൽ പ്ലേ ഓഫിൽ പ്രവേശിച്ച കേരള ബ്ലാസ്റ്റേഴ്സ്, കൊച്ചിയിൽ ഇന്ന് ഈസ്റ്റ് ബംഗാളിനെ നേരിടും.

## വാർത്തകൾ വിശദമായി

**പൊതു തെരഞ്ഞെടുപ്പിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ മിത്ത് Vs റിയാലിറ്റി രജിസ്റ്റർ പുറത്തിറക്കി. വിവരങ്ങൾ പരിശോധിക്കാനും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് തടയാനും മിഥ്യകൾ ഇല്ലാതാക്കാനും പ്രധാന**

കാര്യങ്ങളെക്കുറിച്ച് അറിയാനും ഈ പ്ലാറ്റ്ഫോം ഉപയോഗിക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ഈ രജിസ്റ്റർ ഉപയോഗപ്പെടുത്താം.

✪✪✪

സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികാ സമർപ്പണം നാളെ പൂർത്തിയാകും. കഴിഞ്ഞ മാസം 28 ന് നാമനിർദ്ദേശ പത്രികാ സമർപ്പണം തുടങ്ങിയതു മുതൽ ഇതുവരെ സംസ്ഥാനത്ത് 56 പത്രികകൾ സമർപ്പിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്).......

വിവിധ ലോക്സഭാ മണ്ഡലങ്ങളിലായി ഇന്നലെ 42 പത്രികകളാണ് സമർപ്പിച്ചത്. തിരുവനന്തപുരത്ത് ആറും, കൊല്ലം, കോട്ടയം, തൃശൂർ, വയനാട് മണ്ഡലങ്ങളിൽ നാലു വീതവും, മാവേലിക്കര, ചാലക്കുടി, പാലക്കാട്, കാസർകോട് എന്നിവിടങ്ങളിൽ മൂന്ന് വീതവും, കോഴിക്കോട് രണ്ടും, ആറ്റിങ്ങൽ, ആലപ്പുഴ, ഇടുക്കി, എറണാകുളം, വടകര, കണ്ണൂർ മണ്ഡലങ്ങളിൽ ഓരോ പത്രികയുമാണ് സമർപ്പിച്ചത്.

ഇതുവരെ ആകെ 79 നാമനിർദ്ദേശ പത്രികകൾ ലഭിച്ചതായും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റന്നാളാണ്. അടുത്ത തിങ്കളാഴ്ച പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ 20 മണ്ഡലങ്ങളിലെയും മത്സര ചിത്രം വ്യക്തമാകും. ഈ മാസം 26 ന് 11 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 69 മണ്ഡലങ്ങളോടൊപ്പം കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങളും വിധിയെഴുതും. ജൂൺ നാലിന് വോട്ടെണ്ണും.

✪✪✪

മൂന്ന് മുന്നണികളുടെയും പ്രമുഖ സ്ഥാനാർത്ഥികൾ ഇന്നും നാളെയുമായി പത്രിക സമർപ്പിക്കും. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി വയനാട് ലോക്സഭാ മണ്ഡലത്തിൽ ഇന്ന് പത്രിക നൽകും. കൽപറ്റ ടൗണിൽ റോഡ് ഷോയ്ക്ക് ശേഷമായിരിക്കും

**പത്രികാസമർപ്പണം. LDF സ്ഥാനാർത്ഥി ആനി രാജയും ഇന്ന് പത്രിക സമർപ്പിക്കും.**

**വടകര പാർലമെന്റ് മണ്ഡലത്തിൽ LDF സ്ഥാനാർഥി K.K ശൈലജയും, NDA സ്ഥാനാർഥി C.R പ്രഫുൽ കൃഷ്ണനും രാവിലെ പത്രിക സമർപ്പിക്കും. UDF സ്ഥാനാർഥി ഷാഫി പറമ്പിൽ നാളെയാണ് പത്രിക സമർപ്പിക്കുന്നത്.**

**കോഴിക്കോട് ലോക് സഭാ മണ്ഡലം LDF സ്ഥാനാർഥി എളമരം കരീമും, NDA സ്ഥാനാർഥി M.T രമേശും ഇന്ന് പത്രിക സമർപ്പിക്കും UDF സ്ഥാനാർഥി M.K രാഘവൻ കഴിഞ്ഞ ദിവസം പത്രിക നൽകിയിരുന്നു.**

**കോട്ടയം മണ്ഡലത്തിൽ LDF സ്ഥാനാർത്ഥി തോമസ് ചാഴികാടൻ ഇന്നും, NDA സ്ഥാനാർത്ഥി തുഷാർ വെള്ളാപ്പള്ളി നാളെയും പത്രിക നൽകും.**

**എറണാകുളം മണ്ഡലത്തിൽ LDF സ്ഥാനാർഥി കെ.ജെ.ഷൈൻ ഇന്ന് രാവിലെയും UDF സ്ഥാനാർത്ഥിയും സിറ്റിംഗ് എംപിയുമായ ഹൈബി ഈഡൻ നാളെയും പത്രിക സമർപ്പിക്കും.**

**✪✪✪**

**സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം ഇന്ന് ആരംഭിക്കും. ശനിയാഴ്ച വരെയാണ് പരിശീലനം.**

**എറണാകുളത്ത് താലൂക്ക് അടിസ്ഥാനത്തിൽ ഏഴ് കേന്ദ്രങ്ങളിലായാണ് പരിശീലനമെന്ന് മണ്ഡലം വരണാധികാരിയും ജില്ലാ കളക്ടറുമായ NSK ഉമേഷ് അറിയിച്ചു. തിരഞ്ഞെടുപ്പിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ പരിശീലനത്തിന് ഹാജരാകണമെന്നും, വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.**

**✪✪✪**

**ലോകസഭാ തിരഞ്ഞെടുപ്പിൽ കണ്ണൂർ പാർലമെന്റ് മണ്ഡലത്തിൽ ആദ്യ പത്രിക സമർപ്പിച്ചു. കക്ഷിരഹിത സ്ഥാനാർഥിയാണ് ഇന്നലെ പത്രിക നൽകിയത്. മൂന്നു മുന്നണികളുടെയും സ്ഥാനാർഥികൾ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

...................(വോയ്സ്)...............

✪✪✪

രാജ്യത്ത് ബിജെപിക്ക് വളരാൻ സാഹചര്യമൊരുക്കിയത് കോൺഗ്രസാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. ഓരോ ഘട്ടത്തിലും സ്വന്തം നിലപാട് ഉയർത്തിപ്പിടിക്കുന്നതിനുപകരം RSS നിലപാട് ഉയർത്തിപ്പിടിക്കാനാണ് കോൺഗ്രസ് ശ്രമിച്ചതെന്നും അദ്ദേഹം ആരോപിച്ചു. പെരിന്തൽമണ്ണ, മഞ്ചേരി, കൊണ്ടോട്ടി എന്നിവിടങ്ങളിൽ LDF തെരഞ്ഞെടുപ്പു യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

അടുത്ത രണ്ടു വർഷത്തിനുള്ളിൽ കോൺഗ്രസ്സും CPIM ഉം പശ്ചിമ ബംഗാളിലെ പോലെ സംസ്ഥാനത്ത് ക്ഷയിക്കുമെന്ന് BJP സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേക്കർ പറഞ്ഞു. കൊച്ചിയിൽ NDA എറണാകുളം ലോക്സഭാ മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോൺഗ്രസ് ഒരു കുടുംബത്തിനായി നിലകൊള്ളുമ്പോൾ, കമ്മ്യൂണിസ്റ്റ് പാർട്ടി കുടുംബാധിപത്യത്തിന് എതിരായിരുന്നെങ്കിലും ഇന്ന് വ്യത്യസ്തമായ നിലപാടാണ് സ്വീകരിക്കുന്നത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

✪✪✪

ലോക്സഭാ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ എക്സൈസ് വകുപ്പ് നടത്തിയ പ്രത്യേക പരിശോധനയിൽ ലഹരി വസ്തുക്കൾ പിടികൂടി. പൊന്നാനി നിയമസഭാ മണ്ഡലത്തിൽ നിന്ന് 8,400 രൂപ വിലവരുന്ന 15 ഗ്രാം കഞ്ചാവും, നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്ന് 50,550 രൂപ വിലവരുന്ന 33.7 ലിറ്റർ വിദേശ മദ്യവുമാണ് എക്സൈസ് സംഘം പിടികൂടിയത്.

✪✪✪

തൃശ്ശൂർ വെളപ്പായയിൽ ഓടുന്ന ട്രെയിനിൽ നിന്ന് T.T.E യെ തള്ളിയിട്ടു കൊലപ്പെടുത്തി. T.T.E എറണാകുളം മഞ്ഞുമ്മൽ സ്വദേശി K വിനോദാണ് കൊല്ലപ്പെട്ടത്. ഇന്നലെ വൈകിട്ട് ഏഴു മണിയോടെ എറണാകുളം-പട്ന ട്രെയിനിലാണ് സംഭവം.

റിസർവേഷൻ കോച്ചിൽ യാത്ര ചെയ്തതിന് പിഴ ചോദിച്ചതിനെ തുടർന്നുണ്ടായ തർക്കത്തിൽ അതിഥി തൊഴിലാളിയായ യാത്രക്കാരൻ

വിനോദിനെ ട്രെയിനിൽ നിന്ന് തള്ളിയിടുകയായിരുന്നു. വീഴ്ചയിൽ തലയിടിച്ചാണ് മരണമെന്നാണ് പ്രാഥമിക നിഗമനം.

മൃതദേഹം തൃശൂർ ഗവ. മെഡിക്കൽ കോളജിൽ സൂക്ഷിച്ചിരിക്കുകയാണ്. ഒഡീഷ സ്വദേശിയായ പ്രതി രജനീകാന്തിനെ പാലക്കാട്ടെ RPF ഉദ്യോഗസ്ഥർ ട്രെയിനിൽ നിന്ന് പിടികൂടി തൃശൂർ പൊലീസിന് കൈമാറി.

കൊല്ലപ്പെട്ട TTE കെ വിനോദ് കലാരംഗത്ത് സജീവമായിരുന്നു. പുലിമുരുകൻ, ഗ്യാങ്സ്റ്റർ, വിക്രമാദിത്യൻ തുടങ്ങി 14 ചിത്രങ്ങളിൽ വിനോദ് കണ്ണൻ എന്ന പേരിൽ ചെറിയ വേഷങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

✪✪✪

ട്രെയിൻ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പുവരുത്തണമെന്ന് കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ റെയിൽ യൂസേർസ് അസോസിയേഷൻ വർക്കിംഗ് ചെയർമാൻ ഷെവലിയാർ C.E ചാക്കുണ്ണി കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

SSLC, TH SLC, ഹയർ സെക്കൻഡറി, വെക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളുടെ മൂല്യനിർണയം ഇന്ന് ആരംഭിക്കും. 70 ക്യാമ്പുകളാണ് SSLC മൂല്യനിർണയത്തിന് ഒരുക്കിയിരിക്കുന്നത്. 14,000 ത്തോളം അധ്യാപകർ ക്യാമ്പിൽ പങ്കെടുക്കും. മുപ്പത്തിയെട്ടര ലക്ഷത്തോളം ഉത്തര കടലാസുകളാണ് മൂല്യനിർണയം നടത്തുക.

ഹയർ സെക്കൻഡറിയിൽ 77 ക്യാമ്പുകളിൽ 25 എണ്ണം ഡബിൾ വാലുവേഷൻ ക്യാമ്പുകൾ ആണ്. 25,000 ത്തോളം അധ്യാപകർ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കും.

TH SLC യ്ക്കായി രണ്ട് ക്യാമ്പുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.

വെക്കേഷണൽ ഹയർസെക്കൻഡറിയിൽ 8 ക്യാമ്പുകളിൽ ആയാണ് മൂല്യനിർണയം നടക്കുക.

✪✪✪

കൊല്ലം നഗരത്തിലെ തീരമേഖലയിൽ കള്ളക്കടൽ പ്രതിഭാസത്തിൽ നാശനഷ്ടമുണ്ടായ പ്രദേശങ്ങൾ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് കീഴിലെ ഫിഷറീസ് സർവേ ഉദ്യോഗസ്ഥർ സന്ദർശിച്ചു. വീടുകൾ ഉൾപ്പടെ കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടം തിട്ടപ്പെടുത്തുന്നതിനായാണ് മൂന്നംഗസംഘം എത്തിയത്.

നാശനഷ്ടങ്ങളുടെ റിപ്പോർട്ട് കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് സമർപ്പിക്കുമെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

സോണൽ ഡയറക്ടർ ഡോ. സിജോ പി. വർഗീസ്, സൂപ്രണ്ടിങ്ങ് എൻജിനീയർ സോളി സോളമൻ, ജോഷ് കെ. അശോകൻ എന്നിവരാണ് സ്ഥലം സന്ദർശിച്ചത്.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് പ്ലേ ഓഫിൽ കടന്നു. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് FC. ഒഡിഷ FC യോട് പരാജയപ്പെട്ടതിനെ തുടർന്നാണ് ബ്ലാസ്റ്റേഴ്സിന്റെ പ്ലേ ഓഫ് പ്രവേശനം.

ഭുവനേശ്വറിൽ പഞ്ചാബ് FC യെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് ഒഡിഷ FC  പരാജയപ്പെടുത്തിയത്.

ലീഗ് പട്ടികയിൽ അഞ്ചാമതാണ് കേരള ബ്ലാസ്റ്റേഴ്സ്. ആറ് ടീമുകളാണ് ഐ.എസ്.എല്ലിൽ പ്ലേ ഓഫിൽ എത്തുക. തുടർച്ചയായ മൂന്നാം സീസണിലാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ഈ നേട്ടം.

ലീഗ് റൗണ്ടിലെ അവസാന ഹോം മത്സരത്തിൽ ഇന്ന് കൊച്ചയിൽ കേരള ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും. കലൂരിലെ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയന്റ്സിന്  ജയം. ബാംഗ്ലുരുവിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരുവിനെ 28 റൺസിനാണ് അവർ പരാജയപ്പെടുത്തിയത്.  ആദ്യം ബാറ്റ് ചെയ്ത ലക്നൗ സൂപ്പർ ജയന്റ്സ് 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 181 റൺസെടുത്തു.  മറുപടി ബാറ്റിംഗിനിറങ്ങിയ റോയൽ ചലഞ്ചേഴ്സ് 153 റൺസിലൊതുങ്ങി.

ഇന്ന് ഡൽഹി കാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വിശാഖപട്ടണത്ത് രാത്രി 7.30നാണ് മൽസരം.

✪✪✪

ലോക ചെസ് ചാമ്പ്യൻ ചൈനയുടെ ഡിങ് ലിറന്  എതിരാളിയെ കണ്ടെത്തുന്നതിന് കാൻഡിഡേറ്റ്സ് ചെസ് ടൂർണമെന്റിന് ഇന്ന് കാനഡയിലെ ടൊറന്റോയിൽ തുടക്കം. ആദ്യ റൗണ്ട് മൽസരങ്ങൾ നാളെ ആരംഭിക്കും.

**ഇന്ത്യയിൽ നിന്ന് R.പ്രഗ്നാനന്ദ, D.ഗുകേഷ്, വിദിത് ഗുജറാത്തി എന്നിവരുൾപ്പെടെ എട്ടു പേരാണ് ഓപ്പൺ വിഭാഗത്തിൽ മൽസരിക്കുന്നത്. വനിതാ വിഭാഗത്തിൽ കൊനേരു ഹംപി, R.വൈശാലി എന്നിവരും മൽസരിക്കും.**

**✪✪✪**

**കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം 5219 കോടി 34 ലക്ഷം രൂപ ആയതായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീധന്യാ സുരേഷ് അറിയിച്ചു. 2022-23 സാമ്പത്തിക വർഷം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ രജിസ്ട്രേഷന്റെ എണ്ണത്തിൽ വൻവർദ്ധനയുണ്ടാവുകയും, 5,662 കോടി 12 ലക്ഷം രൂപ വരുമാനം നേടുകയും ചെയ്തിരുന്നു.**

**2022-23 സാമ്പത്തിക വർഷത്തിൽ പത്ത് ലക്ഷത്തി 36,863 ആധാരങ്ങൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എട്ട് ലക്ഷത്തി 86,065 ആധാരങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തതെന്നും അവർ പറഞ്ഞു.**

**✪✪✪**

**റാന്നി തുലാപ്പള്ളി പുളിയൻകുന്ന് മലയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച പുളിയൻകുന്ന് മല കുടിലിൽ ബിജുവിന്റെ കുടുംബത്തിന് ആദ്യ ഘട്ട നഷ്ടപരിഹാരമായി അഞ്ചുലക്ഷം രൂപ ജില്ലാ കളക്ടർ എസ് പ്രേം കൃഷ്ണൻ കൈമാറി. കാട്ടാന ശല്യം നേരിടാൻ നടപടികളേക്കുറിച്ച് വനം വകുപ്പ് അധികൃതരുമായി കളക്ടർ ചർച്ച നടത്തി.**

**✪✪✪**